**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *531**

**04-07-2013-ലെ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ :<br>ശ്രീ. പി.തിലോത്തമൻ:<br>ശ്രീ. വി.എസ്.സുനിൽകുമാർ :<br>ശ്രീ. കെ. രാജു : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 1994-1995 വർഷം മുതലാണ് കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത്. |
| (ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതലയുള്ള ഏജൻസി ഏതാണ്; | (ബി) നാഷണൽ ഇൻഫോമാറ്റിക് സെന്റർ, ന്യൂഡൽഹി എന്ന സ്ഥാപനത്തിന്റെ ഉപദേശത്തോടെ കെൽട്രോൺ ആണ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയത്. |
| (സി) ഈ ആവശ്യത്തിലേക്കായി വാങ്ങിയ കമ്പ്യൂട്ടർ ഒന്നിന് എത്ര വിലയായി എന്ന് വെളിപ്പെടുത്തുമോ; | (സി) 1994-95 വർഷത്തിൽ കമ്പ്യൂട്ടർവത്ക്കരണം ആദ്യമായി നടപ്പിൽ വരുത്തിയപ്പോൾ കമ്പ്യൂട്ടറും പ്രിന്ററും ഉൾപ്പെടെ ഹാർഡ്‌വെയർ 2,80,000/- രൂപയ്ക്കാണ് വാങ്ങിയിരുന്നത്. നിലവിൽ ഡി.ജി.എസ്.ആന്റ്.ഡി റേറ്റ് കോൺട്രാക്ട് പ്രകാരം നിലവിൽ കമ്പ്യൂട്ടർ വാങ്ങിയത് 31334/- രൂപയ്ക്കാണ്. |
| (ഡി) കമ്പ്യൂട്ടർ വാങ്ങിയതിൽ അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അഴിമതി നടത്തിയവർക്കെതിരെ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ